LIBRARY ARCHIVES Kerala Legislative Assembly

തവനൂർ മണ്ഡലത്തിലേക്ക് ഭരണാനുമതി

185 (874) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നതിനുശേഷം ഇറിഗേഷൻ വകുപ്പ് മുഖേന തവനൂർ മണ്ഡലത്തിലേയ്ക്ക് എത്ര രൂപയുടെ പ്രവർത്തനങ്ങൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്;

(ബി) ഓരോ പ്രവർത്തനത്തിനും എത്ര രൂപ വച്ചാണ് ഭരണാനുമതി നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പ്രവർത്തനങ്ങളാണ് പൂർത്തിയാക്കിയിട്ടുള്ളതെന്നും ഏതെല്ലാമാണ് ഇനി പൂർത്തീകരിക്കാനുള്ളതെന്നും അവയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തവനൂർ മണ്ഡലത്തിലേയ്ക്ക് വൻകിട ജലസേചന പ്രവൃത്തികൾക്കായി 344.05 ലക്ഷം രൂപയും ചെറുകിട ജലസേചന പ്രവൃത്തികൾക്കായി 908.32 ലക്ഷം രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി&സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തവനൂർ അസംബ്ലി മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ള ഓരോ പ്രവൃത്തിയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

മണലൂരിലെ ജലവിഭവ വകുപ്പ് പദ്ധതികൾ

186 (875) ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ കീഴിലുള്ള വിവിധ വിഭാഗങ്ങൾ മണലൂർ നിയോജകമണ്ഡലത്തിൽ 2011-12 മുതൽ നാളിതുവരെ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കുമോ ;

(ബി) പ്രസ്തുത പദ്ധതികളിൽ ഓരോന്നിനും അനുവദിച്ച തുക എത്രയെന്നും ഇവ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.